I ഇ.ബി. XIV - കേരള നിയമസഭ/XV-1

# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2019 മേയ് 27, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2019 മേയ് 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചരമോപചാരം

കെ. എം. മാണിയുടെ നിര്യാണം

മി. സ്പീക്കർ: കേരള കോൺഗ്രസ് (എം) ചെയർമാനും പാലാ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുമായ കെ. എം. മാണി 09-04-2019-ന് അന്തരിച്ചു. ഏറെ നാളായി ചികിത്സയിലായിരുന്ന കെ. എം. മാണി കഴിഞ്ഞ സമ്മേളനത്തിലും നിയമസഭാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. 1933 ജനുവരി 30-ന് കോട്ടയത്ത് ജനിച്ച അദ്ദേഹം മദ്രാസ് ലോ കോളേജിൽനിന്നും നിയമ ബിരുദം നേടുകയും 1956-ൽ അഭിഭാഷകനായി എൻറോൾ ചെയ്യുകയും

കോഴിക്കോട്, കോട്ടയം ജില്ലാ കോടതികളിലും പാലാ സബ് കോടതിയിലും പ്രാക്ടീസ് ചെയ്യുകയും ചെയ്തു. 1958-ൽ കോൺഗ്രസ് മരങ്ങാട്ടുപിള്ളി വാർഡ് കമ്മിറ്റി പ്രസിഡന്റായി രാഷ്ട്രീയ ജീവിതം ആരംഭിച്ച അദ്ദേഹം കോട്ടയം ഡി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1964-ൽ കേരള കോൺഗ്രസ് രൂപീകരിച്ചപ്പോൾ അതിൽ അംഗമാകുകയും 1979-ൽ കേരള കോൺഗ്രസ് (എം) രൂപീകരിക്കുകയും അന്നുമുതൽ പാർട്ടി ചെയർമാനായി പ്രവർത്തിച്ചുവരികയുമായിരുന്നു. 1965-ൽ പാലാ നിയോജകമണ്ഡലത്തിന്റെ രൂപീകരണം മുതൽ 13 തവണ അതേ നിയോജകമണ്ഡലത്തിൽനിന്നും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1975-ൽ ധനകാര്യ വകുപ്പുമന്ത്രിയാകുകയും 1976-ൽ ആദ്യമായി ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്തു. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം സാമാജികനായും മന്ത്രിയായും പ്രവർത്തിച്ച വ്യക്തിയെന്നതിനു പുറമെ ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിലും ഒരേ മണ്ഡലത്തെ ഏറ്റവും കൂടുതൽ കാലം പ്രതിനിധീകരിച്ച ജനപ്രതിനിധിയെന്ന നിലയിലുമുൾപ്പെടെ നിരവധി റിക്കോർഡുകൾ അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിനു പുറമെ ആഭ്യന്തരം, റവന്യൂ, വൈദ്യുതി, നിയമം, ജലസേചനം തുടങ്ങി നിരവധി വകുപ്പുകൾ അദ്ദേഹം കൈകാര്യം ചെയ്തു. സഭാസമ്മേളനങ്ങളിൽ കൃത്യമായി ഹാജരാവുകയും

സമയനിഷ്ഠയോടുകൂടി വിഷയങ്ങൾ സഭയിൽ അവതരിപ്പിക്കുകയും ചെയ്തിരുന്ന അദ്ദേഹം പാർലമെന്ററി നടപടിക്രമങ്ങൾ പാലിക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനരീതി പുതിയ സാമാജികർ മാതൃകയാക്കേണ്ടതാണ്. ഭരണഘടനാ വ്യവസ്ഥകളിലും സഭാനടപടി ചട്ടങ്ങളിലും നിയമവ്യവസ്ഥകളിലുമുള്ള അവഗാഹം സഭയിൽ സമയോചിതമായ ഇടപെടൽ നടത്താൻ അദ്ദേഹത്തെ പ്രാപ്തനാക്കിയിരുന്നു. കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചതിനുപുറമെ കർഷകത്തൊഴിലാളി പെൻഷൻ, കാരുണ്യ ലോട്ടറി തുടങ്ങിയവ നടപ്പിലാക്കുകവഴി ജനപ്രീതി നേടിയെടുക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. വി.പി. മേനോൻ അവാർഡ് ഉൾപ്പെടെ പൊതുപ്രവർത്തകർക്കായുള്ള നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 'ജനക്ഷേമം ജനങ്ങളുടെ അവകാശം', 'കാർഷിക സമ്പദ്ഘടനയും കേരളവും', 'വികസനവും വിഭവശേഷിയും' തുടങ്ങിയ പുസ്തകങ്ങളും "കെ.എം. മാണി എ സ്റ്റഡി ഇൻ റീജ്യണലിസം" എന്ന ജീവിതകഥയും പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹം അവതരിപ്പിച്ച "അദ്ധ്വാന വർഗ്ഗ സിദ്ധാന്തം" ഏറെ ചർച്ചകൾക്കും വിമർശനങ്ങൾക്കും വിധേയമായി. കെ. എം. മാണിയുടെ നിര്യാണത്തോടെ പകരം വയ്ക്കാനില്ലാത്ത ഒരു സാമാജികനെയാണ് നഷ്ടമായത്. രാഷ്ട്രീയ പ്രവർത്തകർക്ക് എന്നും മാർഗ്ഗദർശിയായ കെ. എം. മാണിയുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി

അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിന് പൊതുവിലും കേരള നിയമസഭയ്ക്ക് വിശേഷിച്ചും അപരിഹാര്യമായ നഷ്ടമാണ് കെ. എം. മാണിയുടെ നിര്യാണംമൂലം ഉണ്ടായിട്ടുള്ളത്. എല്ലാ വിഭാഗം ആളുകളുടെയും സ്നേഹാദരങ്ങൾ ആർജ്ജിക്കുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. മലയോര പ്രദേശങ്ങളുടെയും കർഷക സമൂഹത്തിന്റെയും പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കുന്നതിൽ ശ്രദ്ധേയമായ പങ്കാണ് അദ്ദേഹം വഹിച്ചത്. അരനൂറ്റാണ്ടിലേറെ തുടർച്ചയായി ഒരേ നിയമസഭാ മണ്ഡലത്തിൽനിന്നുതന്നെ നിയമനിർമ്മാണസഭയിൽ അംഗമായിരിക്കുക എന്നത് കേരള നിയമസഭയുടെയും ലോക്സഭയുടെയും ചരിത്രത്തിൽ മറ്റൊരാൾക്കും അവകാശപ്പെടാനില്ലാത്ത റിക്കോർഡാണ്. നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം ഒരേ മണ്ഡലത്തെ പ്രതിനിധീകരിക്കുകയും ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരിക്കുകയും ഏറ്റവും കൂടുതൽ തവണ ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്ത വ്യക്തി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ റിക്കോർഡുകൾ വരും കാലത്ത് മറ്റാർക്കും തകർക്കാനാകുമെന്ന് തോന്നുന്നില്ല. അഭിഭാഷകനും നിയമപണ്ഡിതനുമായിരുന്ന കെ. എം. മാണി കേരള നിയമസഭയ്ക്ക് നേട്ടമായിരുന്നു. ധനം, നിയമം, റവന്യൂ തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്യുകവഴി അദ്ദേഹം നേടിയ വൈദഗ്ദ്ധ്യം സഭയെ സമ്പന്നമാക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

സഭയിൽ ഹാജരാകുന്നതിൽ അദ്ദേഹം കാട്ടിയ കൃത്യത എല്ലാ സാമാജികർക്കും മാതൃകയായിരുന്നു. നിയമനിർമ്മാണ വേളകളിൽ അദ്ദേഹത്തിന്റെ ഇടപെടലുകൾ കൂടുതൽ ശ്രദ്ധേയമായിരുന്നു. ഭരണഘടനാ വ്യവസ്ഥകളും സഭാനടപടി ചട്ടങ്ങളും നിയമ വകുപ്പുകളുമെല്ലാം കൃത്യമായി മനസ്സിലാക്കാനും സമയോചിതമായി ഇടപെടാനും അദ്ദേഹത്തിന് കഴിഞ്ഞത് സഭയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹം കാട്ടിയ നിഷ്കർഷകൊണ്ടുകൂടിയാണ്. സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. ആ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. രാഷ്ട്രീയ സംഭവവികാസങ്ങളുടെ ഒഴുക്കിനെ തങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് തിരിച്ചുവിടുകവഴി ചരിത്രം നിർമ്മിച്ച അപൂർവ്വമായ പ്രതിഭകളിൽ ഒരാളാണ് മാണിസാർ. കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിലെ നെടുനായകന്മാരിൽ ഒരാളും ഐക്യജനാധിപത്യ മുന്നണിക്ക് കരുത്ത് പകർന്ന പ്രഗത്ഭനായ നേതാവും എന്നതിനുപുറമെ ദൂരക്കാഴ്ചയുള്ള ഭരണാധികാരിയും പ്രഗത്ഭനായ പാർലമെന്റേറിയനും രാഷ്ട്രീയ നീക്കങ്ങളുടെ മർമ്മം തൊട്ടറിഞ്ഞ തന്ത്രശാലിയും നിയമങ്ങളെ തലനാരിഴകീറി വ്യാഖ്യാനിക്കാൻ കഴിയുന്ന നിയമജ്ഞനും അദ്ധ്വാന വർഗ്ഗത്തിന്റെ സംരക്ഷകനും തികഞ്ഞ മനുഷ്യസ്നേഹിയുമായിരുന്നു മാണിസാർ.

കഴിഞ്ഞ 54 വർഷം നിയമസഭയിലുണ്ടായിരുന്ന അദ്ദേഹം 13 തവണ മന്ത്രിയാവുകയും 13 ബഡ്ജറ്റുകൾ അവതരിപ്പിക്കുകയും ഏറ്റവും കൂടുതൽ വകുപ്പുകൾ കൈകാര്യം ചെയ്യുകയും ചെയ്തു. അപാരമായ മനഃശക്തി അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. പ്രതിസന്ധികളെ സമചിത്തതയോടെ മറികടക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അത്ഭുതാവഹമാണ്. അദ്ദേഹത്തിന് നിയമസഭ എന്നുമൊരു പാഠശാലയായിരുന്നു. നന്നായി ഗൃഹപാഠം ചെയ്തിട്ടാണ് അദ്ദേഹം നിയമസഭയിലും പത്ര സമ്മേളനങ്ങളിലും പങ്കെടുത്തിരുന്നത്. നിയമസഭാ ലൈബ്രറി ഏറ്റവും കൂടുതൽ ഉപയോഗിച്ച ഒരു സാമാജികൻ കൂടിയായിരുന്നു മാണിസാർ. കോൺഗ്രസ്സിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച അദ്ദേഹം കേരള കോൺഗ്രസ് പാർട്ടി രൂപീകരിച്ച് അതിനെ ജനകീയ പ്രസ്ഥാനമാക്കി മാറ്റാനും ആശയപരമായ അടിത്തറയുണ്ടാക്കാനും കർഷകരുടെയും സാധാരണക്കാരുടെയും പാർട്ടിയാക്കി മാറ്റാനും കഠിനപരിശ്രമം നടത്തിയിരുന്നു. ഏറ്റവും താഴെത്തട്ടിൽ അവശതയനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിന് മുൻഗണന നൽകിയ അദ്ദേഹം പാവപ്പെട്ട രോഗികൾക്കും ചികിത്സാസഹായം നൽകുന്നതിലേയ്ക്കായി കാരുണ്യ ബെനവലന്റ് സ്കീം ആരംഭിക്കുന്നതിന് നേതൃത്വം നൽകിയിട്ടുണ്ട്. അദ്ദേഹത്തോടുള്ള ആദരസൂചകമായി പ്രസ്തുത സ്കീം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിനും കർഷക ക്ഷേമത്തിനുംവേണ്ടി

അതിശക്തമായി നിലകൊണ്ട രാഷ്ട്രീയ നേതാവും ഭരണകർത്താവുമെന്ന നിലയിൽ മാണിസാർ നടപ്പിലാക്കിയ പുതിയ ആശയമായിരുന്നു കർഷക പെൻഷൻ. നല്ലൊരു പാർലമെന്റേറിയനും നിയമ പണ്ഡിതനുമായ അദ്ദേഹം നിയമത്തിന്റെ തലനാരിഴകീറിയാണ് നിയമസഭയിൽ വാദമുഖങ്ങൾ ഉന്നയിച്ചിരുന്നത്. കേരള രാഷ്ട്രീയത്തിലെ ഒരു യുഗമാണ് മാണിസാറിന്റെ ദേഹവിയോഗത്തിലൂടെ അസ്തമിച്ചത്. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മാണിസാറിനെക്കുറിച്ച് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. തെരഞ്ഞെടുപ്പുകളിൽ പരാജയമറിയാത്ത മാണിസാർ പതിമൂന്ന് തവണ പാലാ നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെടുകയും കേരള നിയമസഭയിൽ ഏറ്റവുംകൂടുതൽ കാലം അംഗമാവുകയും നിരവധി തവണ മന്ത്രിയാവുകയും അരനൂറ്റാണ്ടുകാലത്തോളം കേരള രാഷ്ട്രീയത്തിന്റെ ഗതിവിഗതികളിൽ നിർണ്ണായക സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ ഭേദമെന്യേ ജനസേവനം നടത്തുന്നതിനും കർഷകരുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കുന്നതിനും അദ്ദേഹം അതീവ ശ്രദ്ധ പുലർത്തിയിരുന്നു. രാഷ്ട്രീയ ലക്ഷ്യപ്രാപ്തിക്കായി ജീവിതമാർഗ്ഗങ്ങളുടെ മുഴുവൻ സാദ്ധ്യതകൾ തേടുന്നതിനും മുന്നണി രാഷ്ട്രീയത്തിനും

പ്രായോഗിക പൊതുപ്രവർത്തനത്തിനും പുതിയ മാനം നൽകുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകളോട് വിയോജിക്കുന്നവർപോലും 'മാണിസാർ' എന്ന പൊതുപ്രവർത്തകനോട് യോജിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മാണിസാറിന്റെ അറിവും അനുഭവവും കേരള നിയമസഭയ്ക്ക് തുടർന്നും പ്രചോദനം നൽകുന്നതാകട്ടെയെന്ന് ആശംസിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: ഇന്ത്യൻ രാഷ്ട്രീയത്തിലെ ഊർജ്ജസ്വലനായ പാർലമെന്റേറിയനെന്ന പേരിൽ ആർക്കും തകർക്കാൻ സാധിക്കാത്ത നിരവധി റിക്കോർഡുകൾ സൃഷ്ടിക്കാൻ മാണിസാറിന് സാധിച്ചിട്ടുണ്ട്. എല്ലാകാര്യങ്ങളിലും അദ്ദേഹം കാണിച്ചിരുന്ന സൂക്ഷ്മതയുടെ ഫലമായാണ് 'മാണിസാർ' എന്ന അഭിസംബോധന അദ്ദേഹത്തിന് ലഭിച്ചത്. എന്റെ പിതാവിനോട് നല്ല ആത്മബന്ധം പുലർത്തുകയും മാണി-കോയ കൂട്ടുകെട്ട് ചർച്ച ചെയ്യപ്പെടുകയും ചെയ്തിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലെ സ്ഥായിയായ ഭാവം കാരുണ്യമായതുകൊണ്ടുതന്നെ മന്ത്രിസഭയിൽ കാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് സഹായം നൽകുകയെന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ഉമ്മൻ ചാണ്ടി മന്ത്രിസഭയുടെ കാലത്ത് 'ശ്രുതിതരംഗം' പദ്ധതിക്കായി പ്രത്യേകം തുക മാറ്റിവയ്ക്കുകയും നൂറുദിന പരിപാടിയിൽ അത്

ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. കാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി ലോട്ടറി ടിക്കറ്റിനെ എപ്രകാരം ഉപയോഗപ്പെടുത്താൻ സാധിക്കുമെന്ന് തെളിയിച്ച വ്യക്തിയാണ് മാണിസാർ. മാണിസാറിനോടുള്ള ആദരസൂചകമായി കാരുണ്യ ബെനവലന്റ് സ്കീമിനെ തിരികെ കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. എല്ലാവരെയും സ്നേഹംകൊണ്ട് കീഴടക്കുകയും എപ്പോഴും പുഞ്ചിരിച്ചുകൊണ്ടുമിരിക്കുന്ന മാണിസാർ വെറുപ്പ് ആഗ്രഹിക്കാത്ത വ്യക്തിയായിരുന്നു. മാണിസാറിന്റെ ഉജ്ജ്വലമായ വ്യക്തിത്വത്തിന് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു; എന്റെ പ്രസ്ഥാനത്തിന്റെ വേദന പങ്കുവയ്ക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: മാണിസാറിനെക്കുറിച്ച് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. മറ്റ് നിയമസഭകളിൽ കാണാൻ സാധിക്കാത്ത വ്യക്തിത്വത്തിന് ഉടമയാണ് അദ്ദേഹം. ഒരു സീനിയർ നേതാവെന്ന നിലയ്ക്ക് വളരെ സ്നേഹത്തോടുകൂടിയ പെരുമാറ്റമാണ് അദ്ദേഹത്തിൽനിന്നും എനിക്ക് ലഭിച്ചിട്ടുള്ളത്. നിയമസഭയിൽ കാര്യങ്ങൾ നന്നായി പഠിച്ച് അവതരിപ്പിക്കുന്നതിന് അദ്ദേഹം കാണിക്കുന്ന ശ്രമം മറ്റ് സാമാജികർക്കും മാതൃകയാണ്. ഒരു സാമാജികനെന്ന നിലയിൽ അൻപത് വർഷം വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കുന്നത് ചെറിയ കാര്യമല്ല. മാണിസാറിന്റെ ദേഹവിയോഗത്തിൽ എന്റെ പാർട്ടിയുടെ

അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: വളരെയധികം കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു നിയമസഭാ സാമാജികനായിരുന്നു കെ. എം. മാണി. കേരള കോൺഗ്രസിനെ സംസ്ഥാന പാർട്ടിയും ചെറുകിടകർഷക പാർട്ടിയുമാക്കി മാറ്റിയതും കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ മാറ്റം വരുത്തണമെന്ന പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചതും അദ്ദേഹമാണ്. കയറ്റിറക്കുമതി നയത്തിൽ മാറ്റം വരുത്തണമെന്ന അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നു. കർഷകർക്കും കർഷകത്തൊഴിലാളികൾക്കുംവേണ്ടി നിലകൊള്ളുകയും കർഷകത്തൊഴിലാളി പെൻഷൻ നടപ്പിലാക്കുകയും ചെയ്തു. അദ്ദേഹം നടപ്പിലാക്കിയ കാരുണ്യ ബെനവലന്റ് പദ്ധതി അതേ രീതിയിൽ തുടരുന്നത് അദ്ദേഹത്തോടുള്ള ആദരവായിരിക്കും. പാലാ നിയോജകമണ്ഡലത്തിൽനിന്നും 13 തവണ തുടർച്ചയായി ജയിച്ചുവന്നതും കേരള നിയമസഭയിൽ 13 തവണ ബഡ്ജറ്റുകൾ അവതരിപ്പിച്ചതും അദ്ദേഹത്തിന്റെ നേട്ടമാണ്. സാധാരണക്കാർക്കുവേണ്ടി അദ്ധ്വാനിച്ച അദ്ദേഹത്തിന്റെ വിയോഗം പാർട്ടിക്കും സംസ്ഥാന-ദേശീയ രാഷ്ട്രീയത്തിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: കേരള കോൺഗ്രസ്സിന്റെ ചരിത്രത്തിൽ എന്നും

ഓർമ്മയിൽ നിൽക്കുന്ന വ്യക്തിത്വമാണ് കെ. എം. മാണിയുടേത്. പാലാ നിയോജക മണ്ഡലം രൂപീകരിച്ചതുമുതൽ അവിടെനിന്നും നിയമസഭയെ പ്രതിനിധീകരിച്ചതും കേരള നിയമസഭയിൽ 13 പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിച്ചതും 25 വർഷക്കാലം മന്ത്രിയായിരുന്നതും അദ്ദേഹത്തിന്റെ അപൂർവ്വ നേട്ടമാണ്. രാഷ്ട്രീയത്തിൽ അജയ്യനായ അദ്ദേഹം റബ്ബർ കർഷകരുടെയും കുടിയേറ്റ കർഷകരുടെയും കുട്ടനാട്ടിലെ നെൽകർഷകരുടെയും സ്നേഹിതനായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗം കേരള രാഷ്ട്രീയത്തിന് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പാർട്ടിയോടും കുടുംബാംഗങ്ങളോടും അനുശോചനം അറിയിക്കുകയും ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ശക്തനായ ഭരണാധികാരിയും മികവുള്ള പാർലമെന്റേറിയനും നിയമവിദഗ്ദ്ധനും കേരള രാഷ്ട്രീയത്തിൽ നിറസാന്നിദ്ധ്യവുമായിരുന്ന കെ. എം. മാണിയുടെ വേർപാട് കേരള രാഷ്ട്രീയത്തിന് തീരാനഷ്ടമാണ്. സമൂഹത്തിലെ താഴെത്തട്ടിലെ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി കർഷകത്തൊഴിലാളി പെൻഷൻ, കാരുണ്യ ബെനവലന്റ് പദ്ധതി, റബ്ബർ വിലസ്ഥിരതാ ഫണ്ട് മുതലായവ അദ്ദേഹം പ്രാവർത്തികമാക്കി. കാരുണ്യ പദ്ധതി മുമ്പുണ്ടായിരുന്നതുപോലെ പുനഃസ്ഥാപിക്കണം. അദ്ദേഹത്തിന്റെ വിയോഗംമൂലം കുടുംബത്തിനുണ്ടായ ദുഃഖത്തിൽ പങ്കുചേരുകയും ആ ഓർമ്മകൾക്ക് മുമ്പിൽ ശിരസ്സ്

നമിക്കുകയും ചെയ്യുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രഗത്ഭനായിരുന്ന കെ. എം. മാണിയുടെ വിയോഗം വളരെയധികം ദുഃഖമുളവാക്കുന്നതാണ്. ദീർഘകാലമായി ഒരേ മണ്ഡലത്തെ പ്രതിനിധീകരിച്ചും മന്ത്രിപദം അലങ്കരിച്ചും ബഹുമുഖ വ്യക്തിത്വംകൊണ്ട് കേരള രാഷ്ട്രീയത്തിന്റെ ഭാഗമാവുകയും ചെയ്ത അദ്ദേഹത്തിന്റെ വാക്ചാതുരി വളരെ ശ്രദ്ധേയമായിരുന്നു. അദ്ധ്വാനവർഗ്ഗ സിദ്ധാന്തം, അഡീഷണാലിറ്റി, മിച്ച-കമ്മി ബഡ്ജറ്റ് തുടങ്ങി ആകർഷകമായ പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. കെ. എം. മാണിയുടെ പ്രോജ്ജ്വലമായ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: മൂന്നുവർഷം മുമ്പ് ആദ്യമായി നിയമസഭാംഗമായി വന്ന എനിക്ക് ഒരു എം.എൽ.എ. എങ്ങനെ പ്രവർത്തിക്കണമെന്നതിന് മാതൃകയായി കെ. എം. മാണി അടുത്തുണ്ടായിരുന്നത് വലിയൊരു ഭാഗ്യമായി കരുതുന്നു. സഭാ സമ്മേളനങ്ങളിൽ അദ്ദേഹം എപ്പോഴും റൂൾസ് ഓഫ് പ്രൊസീഡ്യുവർ കയ്യിൽ കരുതിയിരുന്നത് ഞാൻ ഓർക്കുന്നു. ഒരേ ആൾ തന്നെ മുതലാളിയും തൊഴിലാളിയുമായിട്ടുള്ള അദ്ധ്വാനവർഗ്ഗമെന്ന തിയറിക്ക് അദ്ദേഹം രൂപം കൊടുത്തു. അദ്ദേഹത്തിന്റെ സ്വപ്നപദ്ധതിയായ കാരുണ്യ ബെനവലന്റ് പദ്ധതി

അതേ രീതിയിൽ തുടരാൻ വേണ്ട നടപടിയുണ്ടാകണം. പ്രായോഗിക ബുദ്ധിയോടെ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യാനാവുമെന്ന് തെളിയിച്ച മഹാനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സഭാനേതാവും പ്രതിപക്ഷ നേതാവും മറ്റ് അംഗങ്ങളും ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിലെ നിരവധി റിക്കോർഡുകളുടെ ഉടമയായിരുന്നു അദ്ദേഹം. 2001-ലും 2011-ലും അദ്ദേഹത്തോടൊപ്പം മന്ത്രിസഭയിൽ അംഗമാകാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. ജനറേഷൻ ഗ്യാപ് ഒഴിവാക്കിക്കൊണ്ടുള്ള ഇടപെടലായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ നിർണ്ണയിച്ചിരുന്നത്. വിമർശനങ്ങളെ ക്രിയാത്മകമായി നേരിട്ടുകൊണ്ട് വിമർശിക്കുന്നവരോട് സ്നേഹത്തോടെ പെരുമാറുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. പുതിയ തലമുറയുടെ ആശയങ്ങൾ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കർഷകത്തൊഴിലാളി പെൻഷൻ, കാരുണ്യ ബെനവലന്റ് പദ്ധതി തുടങ്ങിയവ അദ്ദേഹം വിഭാവന ചെയ്ത് നടപ്പാക്കിയവയാണ്. നിയമസഭാ നടപടികളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹം എടുത്തുപറയേണ്ടതാണ്. ഒരുപാട് നല്ലമുഹൂർത്തങ്ങൾ സമ്മാനിച്ച, എപ്പോഴും ഊർജ്ജസ്വലതയോടെ പെരുമാറിയിരുന്ന അദ്ദേഹത്തെ മറക്കാൻ സാധിക്കില്ല. കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ട് അദ്ദേഹത്തിന്

ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സഭാദ്ധ്യക്ഷനും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കാളും ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. സാഹിത്യകാരന്മാരേയും കവികളെയുമൊക്കെ ഉദ്ധരിച്ചുകൊണ്ട് കാവ്യാത്മകമായി ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു അദ്ദേഹം. ഓരോ വകുപ്പിലും നൂതന പദ്ധതികൾ നടപ്പാക്കി തന്റെ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. 1967 മുതൽ 2019 വരെ 52 കൊല്ലമാണ് അദ്ദേഹം നിയമസഭാ സാമാജികനായി പ്രവർത്തിച്ചത്. 1965-ലാണ് അദ്ദേഹം കേരള കോൺഗ്രസ്സിൽ അംഗമാകുന്നത്. കാരുണ്യ പദ്ധതി പഴയ രീതിയിൽത്തന്നെ നിലനിർത്തണം. നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ മാണിസാറിന്റെ രാഷ്ട്രീയ പ്രവർത്തനം, നിയമസഭാ പ്രവർത്തനം, അവതരിപ്പിച്ച ബഡ്ജറ്റുകൾ, ചുമതല വഹിച്ച വകുപ്പുകൾ എന്നിവയെ സംബന്ധിച്ച് പഠനം നടത്തി ആധികാരിക ഗ്രന്ഥം തയ്യാറാക്കാൻ മുൻകയ്യെടുക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കുന്നു.

(അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## II അറിയിപ്പ്

<u>മി. സ്പീക്കർ</u>: സർവ്വശ്രീ അടൂർ പ്രകാശ്, എ. എം. ആരിഫ്, ഹൈബി ഈഡൻ, കെ. മുരളീധരൻ എന്നീ നിയമസഭാ സാമാജികർ പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിവരം സഭയെ അറിയിക്കുന്നതോടൊപ്പം അവർക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

(സഭ രാവിലെ 10.05 ന് പിരിഞ്ഞു.)